# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1681 — 06.03.2017 ലെ മറുപടിക്ക്

## പഴക്കം ചെന്ന ബഹുനിലമന്ദിരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിലെ പഴക്കംചെന്ന ബഹുനില മന്ദിരങ്ങൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരിശോധന നടത്താനും കാലം കഴിഞ്ഞവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാനോ പൊളിച്ചു മാറ്റാൻ നോട്ടീസ് നൽകാനോ ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) നിലവിൽ പഴക്കം ചെന്ന ബഹുനില മന്ദിരങ്ങൾ അറ്റകുറ്റപ്പണികൾക്ക് അനുവാദം നൽകുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പക്ഷെ നഗരങ്ങളിലെ പഴക്കംചെന്ന ബഹുനില മന്ദിരങ്ങൾ തകർന്നുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരിശോധന നടത്താനോ കാലം കഴിഞ്ഞവയുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകാനോ പൊളിച്ചുമാറ്റാൻ നോട്ടീസ് നൽകാനോ ഉള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ, അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ? | (ബി) പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ